CHRISTIAN
MUSICOLOGICAL
SOCIETY of INDIA



കുരിശിലൂടെ നേടിയ മാനവരക്ഷയുടെ മഹാ സംഭവമാണ് ഉയിർപ്പു തിരുനാളിലൂടെ അനുസ്മരിക്കുക. രക്ഷയുടെ ചിഹ്നമായ കുരിശടയാളം വരയ്ക്കുക ക്രിസ്ത്വനുയായികളുടെ പതിവായിരുന്നു.

ഈ ചിത്രത്തിൽ കാണുന്നതുപോലെ തള്ളവിരൽ മററു രണ്ടു വിരലുകളോട് ഒരുമിച്ചു പിടിച്ചായിരുന്നു കുരിശടയാളം വരച്ചിരുന്നത്. മൂന്നു വിരലുകൾ ഒന്നിച്ചുപിടിക്കുന്നത് പ. ത്രിത്വത്തെ സൂചിപ്പിക്കുന്നതിനാണ്. മററു രണ്ടു വിരലുകൾ ക്രിസ്തുവിൻെറ രണ്ടു സ്വഭാവത്തെ (ദൈവികവും മാനുഷികവും) യും.

കുരിശു വരച്ചിരുന്ന രീതി നെററിയിൽനിന്ന് നെഞ്ചിലേയ്ക്കും, വലത്തുവശത്തെ തോളിൽനിന്ന് ഇടത്തുവശത്തേക്കുമായിരുന്നു. പുരാതനസഭകളിൽ മദ്ധ്യകാലഘട്ടംവരെ പ്രചരിച്ചിരുന്ന ''കുരിശുവര'' ഇപ്രകാരമായിരുന്നു. 1599 വരെ മാർത്തോമ്മാ ക്രിസ്ത്യാനികളും കുരിശുവരച്ചിരുന്ന രീതി ഇപ്രകാരമായിരുന്നു.

വാല്യം 3
ഏപ്രിൽ–'83
ലക്കം 4

# ദുക്റാന

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# തിരുസ്സഭാചരിത്രം

എഡിററർ: **ഡോ. സേവ്യർ കൂടപ്പുഴ**

പരിഷ്കരിച്ച രണ്ടാം പതിപ്പ്

ആയിരത്തോളം പേജുകൾ

തിരുസ്സഭയുടെ ഇരുപതു നൂററാണ്ടുകളിലെ ചരിത്രം

## 1983 സെപ്ററംബർ 8-നു പ്രസിദ്ധീകരിക്കുന്നു

നാല്പതിൽപരം അദ്ധ്യായങ്ങൾ, കാലിക്കോബയിൻറിംഗ്, മേനിക്കടലാസിൽ സുന്ദരമായ അച്ചടി.

## വമ്പിച്ച പ്രീ പബ്ളിക്കേഷൻ സൗജന്യം

യഥാർത്ഥ വില 55 രൂപ. പ്രീ പബ്ലിക്കേഷൻ വില 35 രൂപാ മാത്രം. (1983 മെയ് 15 വരെ)

- ഈ സൗജന്യം ആദ്യത്തെ 2000 കോപ്പികൾക്ക മാത്രം
- 10 കോപ്പി എടുക്കുന്നവക്ക് ഒരു കോപ്പി സൗജന്യം
- ഗ്രന്ഥശാലകൾക്ക് പ്രത്യേക ഇളവുകൾ

മണിയോർഡറുകളും കത്തിടപാടുകളും

''തിരുസ്സഭാചരിത്രം''
ഓറിയൻറൽ ഇൻസ്റ്റിട്യൂട്ട് പബ്ലിക്കേഷൻസ്
സെൻറ് തോമസ് സെമിനാരി, വടവാതൂർ P. O.
കോട്ടയം—686010

## നിങ്ങൾ എന്തുകൊണ്ടു ''തിരുസ്സഭാചരിത്രം'' വാങ്ങണം?

ഒററ വാല്യത്തിൽ സഭയെ സംബന്ധിച്ച ഒരു സർവ്വവിജ്ഞാനകോശമാണിത്; താരതമ്യേന കുറഞ്ഞ വിലയും. 55 രൂപ വിലയുള്ള ഈ ബൃഹദ്ഗ്രന്ഥം ഇപ്പോൾ 35 രൂപക്കു ലഭിക്കുന്നു. ഡോ. സേവ്യർ കൂടപ്പുഴയുടെ അനേകവർഷത്തെ കഠിനാദ്ധ്വാനത്തിൻെറ ഫലമാണിത്.

ഓരോ ക്രൈസ്തവകുടുംബത്തിനും അഭിമാനിക്കാവുന്ന സമ്പത്ത്
ഓരോ സന്യാസസ്ഥാപനത്തിനും അവശ്യം വേണ്ട റഫറൻസ് ഗ്രന്ഥം
ഓരോ മതാദ്ധ്യാപകനും ചരിത്രവിദ്യാർത്ഥിക്കും അപരിത്യാജ്യം
ഓരോ വൈദികനും സഭാസ്നേഹിക്കും അമൂല്യമിത്രം

ഇന്നുതന്നെ പണമടച്ച് സ്വന്തമാക്കുക.


www.TheCMSIndia.org

# ദുക്റാന
## ആരാധന

പുസ്തകം 2 — 1983 ഏപ്രിൽ — ലക്കം 4


ഈശോ കുരിശിൽ കിടന്നുകൊണ്ടു അനുഭവിച്ച തീവ്രമായ ദു:ഖത്തിൻെറയും വേദനയുടെയും ഓർമ്മവച്ചുകൊണ്ടാവണം കുരിശ്ശ് എന്നു കേൾക്കുമ്പോൾ നാം ഞെട്ടിത്തരിക്കുന്നതു്. തികച്ചും കഷ്ടപ്പാടുകളുടെയും ബുദ്ധിമുട്ടുകളുടെയും ഒരു പര്യായമായിത്തീർന്നിരിക്കുന്നു കുരിശ്ശ്. വാസ്തവത്തിൽ കുരിശ്ശു വിജയചിഹ്നമാണ്. ക്രിസ്തുവിൻെറ കുരിശുമരണമാണു നമ്മേ പാപത്തിൻെറ അടിമത്തത്തിൽനിന്നും രക്ഷിക്കുന്നതു്. അപ്പോൾ കുരിശ്ശു എങ്ങനെ പരാജയപ്രതീകമാകും.

വജ്രക്കല്ലുകൾ പതിച്ചിട്ടുള്ള ഈ കുരിശ്ശു വിജയപ്രതീകമാണ്.



# ഇനി മൃത്യുഭയമെന്തിനു്?

പാപത്തെ വർജ്ജിച്ചിട്ടു് ഈശ്വരചൈതന്യം സ്വീകരിച്ചുകൊണ്ടു് ക്രിസ്തുവിൻെറ ഉയിർപ്പ് നമ്മുടെ ജീവിതത്തിൽ സാർത്ഥകമാക്കാൻ ഒരവസരംകൂടി നമുക്കു കൈവന്നിരിക്കുന്നു. അതാണ് 1983-ലെ ഉയിർപ്പുകാലം.

ഉയിർപ്പു തിരുനാൾ നമുക്കു ആഘോഷിക്കാനറിയാം. തിന്നും കുടിച്ചും, ഉല്ലസിച്ചും ഉന്മാദം പൂണ്ടും. ഒന്നേ നമുക്കു് അറിഞ്ഞുകൂടാതെയുള്ളു; ക്രിസ്തുവിൻെറ ഉയിർപ്പ് നമ്മുടെ ജീവിതത്തിൻെറ ഉയിർപ്പാക്കി മാററാൻ. പലക്കും ഇതിനു കഴിഞ്ഞിട്ടുണ്ടു് കഴിയുന്നുമുണ്ടു്. പക്ഷേ എല്ലാവക്കുമല്ല. അത്യന്തംശ്രമാവഹമായ കാര്യമാണ് ക്രിസ്തുവിൻെറ ഉത്ഥാനത്തെ നമ്മുടെ ജീവിതോത്ഥാനത്തിനുള്ള ഉപാധിയാക്കിത്തീർക്കാൻ. അതിനു പാപങ്ങൾ പരിവജ്ജിച്ചിട്ടു ക്രിസ്തുചൈതന്യം സ്വീകരിക്കണം. അവിടെയാണ് പ്രശ്നം. ഇന്നോളം ഏതു ബലഹീനതയാണ് നമുക്കു മാററിയെടുക്കാൻ കഴിഞ്ഞിട്ടുള്ളതു്? അസത്യമോ, വഞ്ചനയോ, ധനമോഹമോ വ്യഭിചാരമോ? ഇന്നത്തേയ്ക്കു കളവു പറയാതിരിക്കാൻ കഴിയും. നാളെയോ? പലതിന്മകൾക്കും ഒരു ദിവസത്തെയ്ക്കോ ഒരു മാസത്തേയ്ക്കോ അവധി പ്രഖ്യാപിക്കാൻ കഴിഞ്ഞെന്നു വരും. പക്ഷേ എത്രനാൾ സാധിക്കും? ഇല്ലെങ്കിൽ? നമ്മേ കീഴ്പെടുത്തുന്ന പാപങ്ങൾക്കെതിരേ ഈ സുദിനത്തിൽ സമരം പ്രഖ്യാപിക്കുക. ഓട്ടം, ചാട്ടം, മലകയററം മുതലായ മത്സരങ്ങളിൽ പങ്കെടുക്കുന്ന യുവാക്കളെ, 'കൂടുതൽ ഉയരം, കൂ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

ടുതൽ ദൂരം' എന്നു് ദൃഢനിശ്ചയം ചെയ്തുകൊണ്ടു് ലക്ഷ്യത്തിലെത്തുവോളം യത്നിക്കുന്നതുപോലെ, പാപത്തെ അതിജീവിക്കാനുള്ള നിതാന്തജാഗ്രതയും ത്യാഗവും നമുക്കു പുലർത്താം. നമ്മുടെ കൺമുമ്പിലുള്ള ഉയരവും ദൂരവും കാണുമ്പോൾ നമുക്കു ഭയപ്പെടാതിരിക്കുക ഏററം വലിയ ഭയം. മൃത്യുഭയമാണല്ലൊ. ക്രിസ്തു മരിച്ചു് ഉയിർത്തതോടുകൂടി മൃത്യുഭയത്തിനു കാരണമില്ലാതായി.

## ജീവിത നവോത്ഥാനത്തിനു വഴിതുറന്നു

എല്ലാ രാജാക്കന്മാരും മഹാന്മാരുടെയോ രാഷ്ട്രശില്പികളുടെയോ ചരമദിനം കൊണ്ടാടാറുണ്ടു്. ലോകചരിത്രത്തിൽ ഇന്നുവരെ ആരുടെയും ഉയിർപ്പുദിനം ആഘോഷിച്ചിട്ടില്ല, ആഘോഷിക്കുന്നുമില്ല ക്രിസ്തുവിൻേറതൊഴിച്ചു. ക്രിസ്തുമരിച്ചു് മൂന്നാം ദിവസം ഉയിർത്തുവെന്നതു് ഒരവകാശവാദമല്ല, സത്യമാണു്. പക്ഷേ ആ സത്യത്തെ അംഗീകരിക്കാൻ സകലരും തയ്യാറല്ല. ഇതരമതസ്ഥർ ക്രിസ്ത്യാനികളുടെ ഒരു വിശ്വാസമായിട്ടാണു് ഇതിനെ കാണുന്നതു്.

ക്രിസ്തുനമ്മേപ്പോലെ ഒരു മനുഷ്യനായിരുന്നുവെന്നുവരുകിൽ അദ്ദേഹം മരിച്ചിട്ടു് ഉത്ഥാനം ചെയ്തുവെന്നു് പറയുന്നതു ശുദ്ധ അസംബന്ധമോ അത്യുക്തിയോ ആകുമായിരുന്നു. ക്രിസ്തു ദൈവപുത്രനായതിനാലാണു് അവിടുത്തെ ഉത്ഥാനത്തെ നാം സത്യസന്ധമെന്നു പറയുന്നതു്. നമ്മേപ്പോലെതന്നെ സാധാരണക്കാരായ അപ്പസ്തോലന്മാർ അദ്ദേഹം ഉത്ഥാനം ചെയ്തതിനു സാക്ഷികളുമാണു്. സത്യവും വ്യക്തവുമായ ഭാഷയിൽ പത്രോസ് ഇസ്രായേൽ ജനങ്ങളെ മുൻനിർത്തിക്കൊണ്ടു പറയുന്നു. ഈശോ ദൈവത്തിൻെറ നിശ്ചിത പദ്ധതിയും പൂർവ്വജ്ഞാനവുമനുസരിച്ചു് നിങ്ങളുടെ കൈകളിൽ ഏല്പിക്കപ്പെട്ടു. അധർമ്മികളുടെ കൈകളിൽ അവനെ നിങ്ങൾ കുരിശിൽ തറച്ചുകൊന്നു. എന്നാൽ ദൈവം അവനെ മരണത്തിൻെറ യാതനകളിൽനിന്നും വിമുക്തനാക്കി ഉയിർപ്പിച്ചു കാരണം അവൻ മരണത്തിൻെറ പിടിയിൽ കഴിയുക അസ്യാദ്ധ്യമായിരുന്നു.... ഈശോയെ ദൈവം ഉയിർപ്പിച്ചു. ഞങ്ങൾ എല്ലാവരും അതിനു സാക്ഷികളാണു്''

ഇതുകേട്ട ജനസമൂഹം അനുതപിച്ചു. അവർ അപ്പസ്തോലന്മാരോടു ചോദിച്ചു.

സഹോദരരേ ഞങ്ങൾ എന്താണു ചെയ്യേണ്ടതു്? ഈ ഉയിർപ്പുതിരുനാളിൽ ക്രിസ്തുവിൻെറ ഉയിർപ്പിൽ സത്യസന്ധമായി നാം വിശ്വസിക്കുന്നുവെങ്കിൽ നമുക്കും ചോദിക്കുവാനുള്ളതു് ഇതാണു്:

സഹോദരരേ ഞങ്ങൾ ഇനി എന്താണു ചെയ്യേണ്ടതു്? അതിനു നമുക്കുള്ള പ്രത്യുത്തരം, വി. പത്രോസ് ഇസ്രായേൽ ജനങ്ങളോടു പറഞ്ഞതുതന്നെ:

'പശ്ചാത്താപിക്കുവിൻ.... ഈ ദുഷിച്ച തലമുറയിൽനിന്നും നിങ്ങളെത്തന്നെ രക്ഷിക്കുവിൻ.''

മരണത്തോടെ നമ്മുടെ ജീവിതം അവസാനിക്കുന്നില്ലെന്നും ഒരു നവജീവിതം നമുക്കു കൈവരുമെന്നും ഉള്ളതിൻെറ അച്ചാരമാണു് ഈശോയുടെ ഉത്ഥാനം. മരണഭീതിയിൽ കഴിയുന്ന ലോകത്തിനു് ഇതിനെക്കാൾ പ്രത്യാശാജനകമായി മറെറന്താണുള്ളതു്? നമ്മൾ മരണത്തെ ഭയപ്പെടാതിരിക്കുക. ക്രിസ്തുവിൻെറ ഉത്ഥാനത്തോടെ അന്ധകാരം നീങ്ങി. അമർത്ത്യതയുടെ പുലരിയായി.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ഇനി മൃത്യുഭയം എന്തിന്?
സഭാവത്സരത്തിലെ സുവർണ്ണകാലം 4
ഡോ. വർഗീസ് പാത്തികുളങ്ങര

തിരുത്തേണ്ടതല്ലേ? 10

അനുരഞ്ജനം ആത്മസൗഖ്യത്തിനു സിദ്ധൗഷധം 11

ഗോത്രവർഗ്ഗ ഇടവകാചരണം 15
സിസ്റ്റർ മഗ്ദലിൻ, സിസ്റ്റർ ലീസ്യൂ

അനുതാപത്തിനായുള്ള തെർത്തുല്യന്റെ ആഹ്വാനം 18
സെബാസ്റ്റ്യൻ ചേമ്പാലക്കുന്നേൽ

സ്പർശനം സ്നേഹത്തിന്റെ അഭംഗമുദ്ര 20
ഡോ. ജേക്കബ് വെള്ളിയാൻ

അനുതാപത്തെക്കുറിച്ച് ഹെർമാസിലെ
ഇടയന്റെ ഉൽബോധനം 23
ജോസ് പാലക്കീൽ

പാപമോചനാനുഷ്ഠാനങ്ങൾ പൗരസ്ത്യസഭകളിൽ 27
ജെറി

ഉയിർപ്പുതിരുനാളിലെ സമാധാന ശുശ്രൂഷ 30
ജെയിംസ് കുര്യനാൽ

ഉയിർപ്പുകാല പ്രാർത്ഥനകൾ (ഗീതങ്ങൾ) 33
ജിയോ

വാർത്താലോകം 39

ക്രിസ്തുവിന്റെ പുനരുത്ഥാനം ഉറ്റനയുടെ വായന
ക്കാരുടെ ജീവിത നവോത്ഥാനത്തിനു വഴിതെളിക്കട്ടെ.
എല്ലാവർക്കും ഉയിർപ്പ തിരുനാൾ ആശംസകൾ !

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART